# ഇന്ത്യ-ഇറാൻ ഫോറിൻ ഓഫീസ് കൺസൾട്ടേഷൻസ് (FOC)

നവംബർ 26, 2023

18-ാമത് ഇന്ത്യ-ഇറാൻ ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകൾ (എഫ്.ഒ.സി.) ടെഹ്റാനിൽ 2023 നവംബർ 26 ന് നടന്നു. വിദേശകാര്യ സെക്രട്ടറി ശ്രീ വിനയ് ക്വാത്രയും ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാൻ രാഷ്ട്രീയകാര്യ ഡെപ്യൂട്ടി വിദേശകാര്യ മന്ത്രി ഡോ. അലി ബാഗേരി കാനിയും യോഗത്തിന് നേതൃത്വം നൽകി. .

2.ചബഹാർ തുറമുഖം, രാഷ്ട്രീയ ഇടപെടലുകൾ, വ്യാപാര-സാമ്പത്തിക കാര്യങ്ങൾ, സാംസ്കാരിക വിനിമയം, ജനങ്ങളുമായുള്ള ബന്ധം, കാർഷിക സഹകരണം, ശേഷി വർധിപ്പിക്കൽ സംരംഭങ്ങൾ തുടങ്ങിയ കണക്റ്റിവിറ്റി പദ്ധതികൾ ഉൾപ്പെടെ ഉഭയകക്ഷി ബന്ധത്തിന്റെ മുഴുവൻ ശ്രേണിയും ഇരുപക്ഷവും അവലോകനം ചെയ്തു.

3.അഫ്ഗാനിസ്ഥാനിലെയും ഗാസയിലെയും സംഭവവികാസങ്ങൾ ഉൾപ്പെടെ, നിലവിലെ പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ചും അവർ വീക്ഷണങ്ങൾ കൈമാറി. ഈ വർഷം നടന്ന വോയ്‌സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയിൽ ഇറാന്റെ പങ്കാളിത്തത്തെ ഇന്ത്യൻ പക്ഷം അഭിനന്ദിച്ചു.

4. സന്ദർശന വേളയിൽ വിദേശകാര്യ സെക്രട്ടറി ഇറാൻ വിദേശകാര്യ മന്ത്രി ഡോ. ഹുസൈൻ അമീർ- അബ്ദുള്ളാഹിയാനെ സന്ദർശിച്ചു . ഉഭയകക്ഷി വിഷയങ്ങളും മേഖലയിലെ നിലവിലെ വെല്ലുവിളികളും അവർ ചർച്ച ചെയ്തു. ഇറാന്റെ സാമ്പത്തിക നയതന്ത്ര ഉപവിദേശകാര്യ മന്ത്രി ഡോ. മെഹ്ദി സഫാരിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തുകയും ഉഭയകക്ഷി വ്യാപാര, സാമ്പത്തിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള വഴികൾ ചർച്ച ചെയ്യുകയും ചെയ്തു.

**ന്യൂഡൽഹി**
**നവംബർ 26, 2023**